# നന്മയുടെ മുഖം

ഒരിടത്ത്  ഒരു പെൺകുട്ടി താമസിച്ചിരുന്നു. അവളുടെ പേര് എലിസബത്ത് എന്നായിരുന്നു. അവൾ താമസിച്ചിരുന്ന നാട്ടിൽ കോവിഡ് -19  എന്ന  വൈറസ് പടർന്നു പിടിച്ചിരുന്ന കാലമായിരുന്നു.അത്യാവശ്യ കാര്യങ്ങൾക്ക് മാത്രമായിരുന്നു പുറത്തിറങ്ങുവാൻ  പാടുള്ളു.അവൾ വീട്ടിൽ തന്നെയിരുന്നു. ഒരു ദിവസം  അവൾ  അവളുടെ വീടിന്റെ മുറ്റത്തിരിക്കുകയായിരുന്നു. അവളുടെ വീടിന്റെ അടുത്തുള്ള ഒരു കട അവൾ ശ്രദ്ധിച്ചു ആൾക്കൂട്ടം!  അഞ്ചുപേരിൽ അധികം . അവൾ പത്രത്തിൽ വായിക്കുമായിരുന്നു. പത്രത്തിലെ രോഗം പ്രതിരോധിക്കാനുള്ള കാര്യങ്ങളും ഈ  സംഭവവും കുടി  താരതമ്യം ചെയ്തു നോക്കിയപ്പോൾ അത്  ശരിയല്ലയെന്ന്  അവൾക്ക് മനസ്സിലായി.

കുറച്ചു നേരത്തെ ആലോചനയ്ക്കു ശേഷം അവൾ അവനോട് വിളിച്ചുപറഞ്ഞു. നിങ്ങളുടെ ജീവനുവേണ്ടി തന്നെയാണ് നമ്മുടെകേരളത്തിലെ പോലീസ് ഉദ്യോഗസ്ഥരും ,ആരോഗ്യ  പ്രവർത്തകരും വീട്ടിലിരിക്കുവാൻ പറയുന്നത് . അവൾ പറഞ്ഞതിന്റെ അർഥം  അവർ മനസ്സിലാക്കി .

അവർ പോയതിനു ശേഷം അവൾ ആ കട വൃത്തി യാക്കുകയും,പിറ്റേന്നു മുതൽ ആ ഗ്രാമം വൃത്തി യാക്കുകയും,വീട്ടിലിരിക്കുന്ന പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുകയും ചെയ്തു .അങ്ങനെ അവൾ ആ ഗ്രാമത്തിനെ രക്ഷിക്കാൻ ശ്രമിച്ചു .


നൈതിക ജിജോ

std  IV B